കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല – ഏലൂർ നഗരസഭയിൽ ഏലൂർ വില്ലേജിൽസർവേ നമ്പർ 46/4 ബി - ൽ പെട്ട വസ്തുവിൽ അനധികൃത നിർമ്മാണം -ക്രമവൽക്കരണം സംബന്ധിച്ച സർക്കാർ ഉത്തരവ് നമ്പരിൽ തിരുത്തൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 1947/2017 തസ്വഭവ തിരുവനന്തപുരം,തീയതി 9/6/2017**

---

പരാമർശം- ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ തദ്ദേശസ്വയംഭരണ(ആർ.ബി )വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 27/04/2017 ലെ സ.ഉ(സാധാ).31/2017 തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശ പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പർ 31/2017/തസ്വഭവ തീയതി 27.04.2017 എന്നതിന് പകരം സഉ(സാധ)നം1680/2017/തസ്വഭവ തീയതി 23/05/2017 എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹേമപ്രഭ.ഡി
ജോയിന്റ് സെക്രട്ടറി

1) ശ്രീമതി. കെ.സജിത, 14/1553, ചുള്ളിക്കൽ, കൊച്ചി - 05.
2) സെക്രട്ടറി, ഏലൂർ നഗരസഭ , മുനിസിപ്പൽ ബിൽഡിംഗ്, ഉദ്യോഗമണ്ഡൽ - 683 501
3) ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
4) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം
5) സീനിയർ ടൗൺ പ്ലാനർ, എറണാകുളം
6) എക്സിക്യൂട്ടീവ് ഡയറക്ടർ, (ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരവനന്തപുരം
8) കരുതൽ ഫയൽ/ ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല – ഏലൂർ നഗരസഭയിൽ ഏലൂർ വില്ലേജിൽ സർവേ നമ്പർ 46/4 ബി - ൽ പെട്ട വസ്തുവിൽ അനധികൃത നിർമ്മാണം - കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം), ചട്ടം, 2014 പ്രകാരം ക്രമവൽക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.31/2017/തസ്വഭവ തിരുവനന്തപുരം,തീയതി 27/04/2017.**

---

പരാമർശം:- 1) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം ശ്രീമതി കെ. സജിത, 14/1553, ചുള്ളിക്കൽ, കൊച്ചി -05 സമർപ്പിച്ച 21.5.2014 ലെ അപേക്ഷ.

2) ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരത്തിന്റെ 21.12.2016 ലെ C1/7451/2016/കെ.ഡിസ്. (ആർ) നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ഏലൂർ നഗരസഭയിലും ഏലൂർ വില്ലേജിൽ സർവ്വേ നമ്പർ 46/4 ബി- ൽപ്പെട്ട വസ്തുവിൽ അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ 114.81 ചതുരശ്ര വിസ്തീർണ്ണമുള്ള വാസഗൃഹം ക്രമവൽക്കരിക്കുന്നതിനായി ശ്രീമതി കെ. സജിത ഏലൂർ നഗരസഭാ സെക്രട്ടറി മുഖാന്തിരം സമർപ്പിച്ച അപേക്ഷ, പരാമർശം (2) പ്രകാരം മുഖ്യനഗരാസൂത്രകൻ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) പരാമർശ നിർമ്മാണത്തിൽ കേരള മുനിസിപ്പാലിറ്റി അനധികൃത നിർമ്മാണം) ചട്ടം 2014 Appendix II യിൽ പറയും പ്രകാരമുള്ള Safety and Security provision ലംഘനം ഇല്ലായെന്നും 9,529/- രൂപ (ഒൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തി ഒൻപത് രൂപാ മാത്രം) കോമ്പൗണ്ടിംഗ് ഫീ ഈടാക്കിക്കൊണ്ട് എറണാകുളം ജില്ലയിലെ ഏലൂർ വില്ലേജിലെ സർവേ നം. 46/4 ബി യിലെ വാസഗൃഹം ക്രമൽക്കരിക്കാവുന്നതാണെന്നും ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം പരാമർശം (2) കത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്.

3) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ലെ ചട്ടം 5(6) പ്രകാരം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ചീഫ് ടൗൺ പ്ലാനറുടെ (തിരുവനന്തപുരം) പരാമർശം (2) ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലയിലെ ഏലൂർ നഗരസഭയിൽ ഏലൂർ വില്ലേജിൽ സർവ്വേ നം.46/4 ബി- ൽ പെട്ട 114.81 ചതുരശ്ര വിസ്തീർണ്ണത്തിൽ ശ്രീമതി. കെ.സജിത, 14/1553, ചുള്ളിക്കൽ, കൊച്ചി-05 നിർമ്മിച്ച വാസഗൃഹം ക്രമവൽക്കരിക്കുന്നതിന് ഏലൂർ നഗരസഭ സെക്രട്ടറിയ്ക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. കെട്ടിടത്തിന്റെ കോമ്പൗണ്ടിംഗ് ഫീസായി 9529 രൂപ "0217 Urban Development-60 Other Urban Development Scheme – 800-other receipts -91 compounding fee for regularization of Unauthorised Construction violating provision of building rules" എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

4) മേൽ പരാമർശിച്ച തുക ഈ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസങ്ങൾക്കകം ശ്രീമതി. കെ. സജിത സർക്കാർ ട്രഷറിയിൽ അടച്ച് അസ്സൽ ചെലാൻ ഏലൂർ നഗരസഭാ സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും ആയത് ലഭിച്ചതിന് ശേഷം കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014- ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ ഏലൂർ നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹേമപ്രഭ.ഡി
ജോയിന്റ് സെക്രട്ടറി

1) ശ്രീമതി. കെ.സജിത, 14/1553, ചുള്ളിക്കൽ, കൊച്ചി - 05.
2) സെക്രട്ടറി, ഏലൂർ നഗരസഭ , മുനിസിപ്പൽ ബിൽഡിംഗ്, ഉദ്യോഗമണ്ഡൽ - 683 501
3) ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
4) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം
5) സീനിയർ ടൗൺ പ്ലാനർ, എറണാകുളം
6) എക്സിക്യൂട്ടീവ് ഡയറക്ടർ, (ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
8) കരുതൽ ഫയൽ/ ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ